ചെറുകിട വ്യാവസായികോല്പന്നങ്ങൾക്ക് നൽകിവരുന്ന മുൻഗണന

115 [2591] ശ്രീ. അടൂർ പ്രകാശ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
,, എ. സുജനപാൽ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആവശ്യത്തിന് നടത്തുന്ന പർച്ചേസുകളിൽ ചെറുകിട വ്യാവസായികോല്പന്നങ്ങൾക്ക് എന്തെങ്കിലും വിധത്തിലുള്ള മുൻഗണന നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലാത്തപക്ഷം ഇത്തരം ഉല്പന്നങ്ങൾക്ക് മുൻഗണന നൽകാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) 1. ഗവൺമെന്റ് ആവശ്യത്തിന് നടത്തുന്ന പർച്ചേസുകൾക്ക് ടെൻഡർ ക്ഷണിക്കുമ്പോൾ വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പങ്കെടുക്കുന്നതിനായി ടെണ്ടർ ഫോറത്തിന്റെ നിശ്ചിത വിലയുടെ 1/4 തുക മാത്രം ഈടാക്കിക്കൊണ്ടും ഫോറം നൽകുന്നു.

2. ടെൻഡറുകളിൽ പങ്കെടുക്കുമ്പോൾ ചെറുകിട വ്യവസായ യൂണിറ്റുകൾ, സംസ്ഥാന വ്യവസായ ഡയറക്ടറോ, ജില്ലാ വ്യവസായ ജനറൽ മാനേജരോ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

3. വ്യവസായ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറോ അതിലുയർന്ന ഉദ്യോഗസ്ഥനോ നൽകുന്ന സാമ്പത്തിക ഭദ്രതയുടേയും വിശ്വാസ്യതാ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ടെൻഡറുകളിൽ പങ്കെടുത്ത് കരാർ ഉറപ്പിക്കുമ്പോൾ ഒടുക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും ചെറുകിട വ്യവസായ യൂണിറ്റുകളെ ഒഴിവാക്കിയിരിക്കുന്നു.

ടെൻഡറുകളിൽ പങ്കെടുത്ത് കരാർ ഉറപ്പിക്കുന്നതിന് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുമ്പോൾ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് 15% പ്രൈസ് പ്രിഫറൻസ് നൽകുന്നു.

സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ ഇടത്തരം-വൻകിട വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾക്ക് 5% പ്രൈസ് പ്രിഫറൻസ് നൽകുന്നു.

ഐ.എസ്.ഐ. സർട്ടിഫിക്കറ്റുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ടി സർട്ടിഫിക്കറ്റില്ലാത്ത യൂണിറ്റുകളേക്കാൾ 2% പ്രൈസ് പ്രിഫറൻസും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോർ പർച്ചേസ് നടത്തുമ്പോൾ 417 ഇനങ്ങൾ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ യൂണിറ്റുകളിൽനിന്നും മാത്രമേ ആകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകൾക്കും മറ്റിതര സ്ഥാപനങ്ങളോടൊപ്പം ഉൽപ്പന്നങ്ങൾ നൽകുന്നതിനുവേണ്ടി 'അപ്രൂവ്ഡ് സപ്ലയേഴ്സ്' ആയി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും നൽകുന്നുണ്ട്.

ചെറുകിട വ്യവസായങ്ങൾക്കുള്ള സബ്സിഡി കൊടുക്കാനുള്ള കാലതാമസം

116 [2592] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായകർക്കുള്ള സബ്സിഡി കൊടുക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 2001-ൽ അപേക്ഷിച്ച അർഹതയുള്ളവർക്ക് സബ്സിഡി അനുവദിച്ചിട്ടും പണം കൊടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എപ്പോൾ കൊടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ചെറുകിട കമ്പ്യൂട്ടർ മേഖലയിലുള്ളവർക്ക് സബ്സിഡി ഉടനടി കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വേണ്ടത്ര പണം ലഭ്യമല്ലാത്തതാണ് കാലതാമസത്തിന് കാരണം.

(ബി) ഏകദേശം 2002 പകുതിവരെ അനുവദിച്ച സബ്സിഡി തുക നൽകി കഴിഞ്ഞു. ബാക്കിയുള്ളവ ഉടനടി വിതരണം ചെയ്യാനുള്ള സത്വര നടപടി സ്വീകരിച്ചു വരുന്നു.

(സി) സബ്സിഡി ഉടനടി വിതരണം ചെയ്തു തീർക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് കിൻഫ്ര ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ

117 [2593] ശ്രീ. സാജു പോൾ:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് കിൻഫ്ര ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് കിൻഫ്ര എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly